**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 571** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി 2.76 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ള നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബി 2.44 കോടി രൂപയുടെ ധനാനുമതി നൽകുകയും പിന്നീട് DSR 2018 നിലവിൽ വന്നതിനെ തുടർന്ന് 2.76 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിക്ക് CRZ clearance ആവശ്യമുള്ളതിനാലും ഫയർ ഫൈറ്റിങ് കൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാലും ആയതനുസരിച്ച് പ്ലാൻ പുതുക്കുകയും ടി പ്ലാനിന് 24.10.2024 ന് നായരമ്പലം ഗ്രാമപഞ്ചായത്തിൽ നിന്നും അംഗീകാരം ലഭ്യമാകുകയും, ടി പ്രവൃത്തിക്ക് 144.71 ലക്ഷം രൂപയുടെ പുതിയ സാങ്കേതികാനുമതി 16.12.2024 ന് ലഭിക്കുകയും ചെയ്തു എന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചു. തുടർന്ന് പാക്കേജ് ഫയലിനും പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റിനും KIIFB യിൽ നിന്നും അംഗീകാരം ലഭ്യമാകുകയും, ടെണ്ടർ നടപടി സ്വീകരിച്ച് 24.12.2025 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. നിർമ്മാണ സ്ഥലത്തെ നിലവിലെ കെട്ടിടങ്ങൾ നായരമ്പലം ഗ്രാമപഞ്ചായത്ത് മുഖേന പൊളിച്ചുമാറ്റേണ്ടതുണ്ട്. ആയതു പൊളിച്ചു മാറ്റി നിർമ്മാണ സ്ഥലം പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്നും ഡിമോളിഷൻ ഉടനടി പൂർത്തീകരിക്കുമെന്നും ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറക്ക് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ് എന്ന് തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** നിർമ്മാണ സ്ഥലത്തെ നിലവിലെ കെട്ടിടങ്ങൾ നായരമ്പലം ഗ്രാമപഞ്ചായത്ത് മുഖേന പൊളിച്ചുമാറ്റി പദ്ധതി നിർവ്വഹണത്തിനായി സ്ഥലം തീരദേശ വികസന കോർപ്പറേഷന് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ് എന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**